I/46258/2023

ഭരണഭാഷ- മാതൃഭാഷ

നം.TRY/3018(1)/2023-F4

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 06-07-2023

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക്-കാലാവധി കഴിഞ്ഞ പി.ഡി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന :

1. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282 (5) d
2. 18/05/2005-ലെ GO(P)No.229/2005/Fin
3. 17/03/2009-ലെ സർക്കുലർ നമ്പർ 25/09/Fin
4. 29/03/2017-ലെ GO.(Rt)No.884/2017/G.Edn.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1-ൽ സൂചിപ്പിച്ചിരിക്കുന്നതായ ചട്ടം അനുസരിച്ച് തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷത്തിൽ കൂടുതൽ ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്ന പി.ഡി അക്കൗണ്ടുകൾ (ചട്ടം 282 (5) d (Exception)-ഒഴികെ ഉള്ളവ) ലാപ്സ് ആകുന്നതാണ്. ഇത്തരത്തിലുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക കൺസോളിഡേറ്റഡ് ഫണ്ടിലെ ഏത് ശീർഷകത്തിൽ നിന്നാണോ ഈ പി.ഡി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് പ്രസ്തുത ശീർഷകത്തിന്റെ 911-recoveries-ലും മറ്റ് സ്രോതസ്സുകളിൽ നിന്ന് പി. ഡി അക്കൗണ്ടിലേക്ക് വന്നതായ തുക 0075-miscellaneous general service-101-unclaimed deposit എന്ന ശീർഷകത്തിലേക്ക് തിരികെ അടവാക്കിയശേഷം **ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണെന്ന്** സൂചന 2, 3 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

8443-00-123-എഡ്യൂക്കേഷൻ പി.ഡി അക്കൗണ്ടിൽ വിനിയോഗിക്കാതെ നിലനിൽക്കുന്ന തുക ക്ലാസ് റൂം നവീകരണത്തിനും ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനും ഉപയോഗപ്പെടുത്തണമെന്ന് സൂചന 4 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം ബന്ധപ്പെട്ട പി.ഡി അഡ്മിനിസ്ട്രേറ്റുമാരുടെ



Generated from eOffice by SARAPRASAD.S R, F4 T R Y, F4 TRY, TRY on 08/12/2023 02:07 pm

I/46258/2023

ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന വിധത്തിൽ മൂന്ന് സാമ്പത്തിക വർഷത്തിൽ കൂടുതൽ ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്ന പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്ന നടപടിക്രമങ്ങൾ 31/07/2023-ന് മുൻപായി പൂർത്തീകരിക്കേണ്ടതും ഇതൊടൊപ്പം നൽകിയിരിക്കുന്ന പ്രോഫോമയിൽ പ്രസ്തുത വിവരം ജില്ലാ ട്രഷറി ഓഫീസർമാർ 15/08/2023-ന് മുൻപായി fsec.treasury@kerala.gov.in എന്ന മെയിലിൽ ലഭ്യമാക്കേണ്ടതുമാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

V SAJAN
DIRECTOR

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229



Generated from eOffice by SARAPRASAD.S R, F4 T R Y, F4 TRY, TRY on 08/12/2023 02:07 pm